# നീരയെ ചൊല്ലി പോര്

◗സ്വന്തം ലേഖകൻ

കൊച്ചി: നീരയുടെ പേരിൽ കൃഷി വകുപ്പും ഉത്പാദകരും തമ്മിൽ യുദ്ധം മുറുകുന്നു. നീര ഉത്പാദനത്തിന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 15 കോടി രൂപയാണ് തർക്ക വിഷയം.

നീരയുടെ കാര്യത്തിൽ കൃഷിവകുപ്പും കാർഷിക സർവകലാശാലയും പിന്നാക്കം പോയതിന്റെ അസഹിഷ്ണുതയും പ്രശ്നത്തിന് പിന്നിലുണ്ട്. പ്രവർത്തനം നിലച്ചുകിടന്ന നാളികേര വികസന കോർപറേഷനെ സർക്കാർ ഫണ്ട് തട്ടിയെടുക്കാൻ വേണ്ടി പുനരുജ്ജീവിപ്പിച്ച് രംഗത്തിറക്കിയതായാണ് നാളികേര ഉത്പാദക ഫെഡറേഷനുകളുടെ ആരോപണം.

കഴിഞ്ഞ മാർച്ച് അഞ്ചിലെ മന്ത്രിസഭാ യോഗം 15 കോടി രൂപ അർഹരായ നീര ഉത്പാദക കമ്പനികൾക്ക് വിതരണം ചെയ്യാൻ തീരുമാനിക്കുകയായിരുന്നു. 12 നാളികേര ഉത്പാദക ഫെഡറേഷനുകൾ പ്ലാന്റ് സ്ഥാപിക്കാൻ കൃഷി വകുപ്പിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ അപേക്ഷകൾ കൃഷിവകുപ്പ് ഫണ്ട് വിനിയോഗ കമ്മിറ്റിക്ക് മുമ്പാകെ വച്ചില്ല.

കേന്ദ്ര ഏജൻസിയായ നാളികേര വികസന ബോർഡ് ഏകോപിപ്പിക്കുന്ന 178 നാളികേര ഉത്പാദക ഫെഡറേഷനുകളാണ് സംസ്ഥാനത്തുള്ളത്. ഇതിൽ അമ്പത് എണ്ണമേ ലൈസൻസ് നേടിയിട്ടുള്ളൂ. രണ്ടെണ്ണം മാത്രമാണ് നീര ചെത്താനാരംഭിച്ചത്.

പാലക്കാട്ടെ മുതലമട ഫെഡറേഷനാണ് നീര വിപണിയിലെത്തിച്ചത്. കണ്ണൂരിലെ തേജസ്വിനി ഫെഡറേഷൻ നീര ശർക്കരയും തേനും ഉത്പാദിപ്പിക്കുന്നുണ്ട്. കാർഷിക സർവകലാശാല തൃശ്ശൂർ ആസ്ഥാനത്തും അവരുടെ നീര വിൽക്കുന്നുണ്ട്.



## നവം. ഒന്നിന് നീര വില്പന തുടങ്ങും

നവംബർ ഒന്നിന് നാളികേര വികസന കോർപറേഷൻ നീര വില്പന തുടങ്ങുമെന്ന് മാനേജിംഗ് ഡയറക്ടർ അശോക്കുമാർ തെക്കൻ പറഞ്ഞു. കാർഷിക സർവകലാശാലയുടെ പരീക്ഷണ പ്ലാന്റിൽ നിന്നുള്ള നീരയാണ് കുറഞ്ഞ അളവിൽ വിൽക്കുന്നത്.

കർഷക സൊസൈറ്റികൾക്ക് ഉടനേ കോർപറേഷൻ അഫിലിയേഷൻ നൽകും. നൂറിലധികം അപേക്ഷകൾ കിട്ടി. നിലവിൽ ചെത്താൻ ലൈസൻസ് നേടിയിട്ടുള്ള ചില സൊസൈറ്റികളും കോർപറേഷനെ സമീപിച്ചിട്ടുണ്ട്. ഇവരിൽ നിന്ന് നീര വാങ്ങുന്നതും പരിഗണിക്കും. കോഴിക്കോട്ടെ എലത്തൂരിൽ പ്ലാന്റ് സ്ഥാപിക്കും.